(ഇ) എത്ര സ്വീപ്പർമാരുടെ സേവനം ആവശ്യമുണ്ടെന്ന് കൃത്യമായി കണക്കാക്കിയിട്ടില്ല.

(എഫ്) ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് രണ്ടുപേരെ അദർഡ്യൂട്ടിയിൽ കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ നിയോഗിച്ചിട്ടുള്ളത്.

സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം

227 (6146) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേഷനറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) ഇ-പ്രൊക്യൂർമെന്റ് പദ്ധതി പൈലറ്റ് പ്രൊജക്ടിന് സ്റ്റേഷനറി വകുപ്പിനെ തെരഞ്ഞെടുത്തതുവഴി പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനാകും എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) സ്റ്റേഷനറി വകുപ്പിലെ എസ്റ്റാബ്ലിഷ്മെന്റ്, അക്കൗണ്ടിംഗ് വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്പാർക്ക് സോഫ്ട് വെയർ സ്ഥാപിച്ചതുൾപ്പെടെയുള്ള കമ്പ്യൂട്ടറൈസേഷൻ സംവിധാനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ അംഗീകൃത പർച്ചേസിംഗ് ഏജൻസിയായ സ്റ്റേഷനറി വകുപ്പിനെ ദേശീയ ഇ-ഗവൺമെന്റ് പ്രൊക്യൂർമെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും, ജീവനക്കാർ ഓഫീസ് അച്ചടക്കം പാലിക്കുന്നതിനും, ചുമതലകൾ കൃത്യമായി നിറവേറ്റുന്നതിനും വേണ്ട നടപടികൾ സ്റ്റേഷനറി കൺട്രോളർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇ-പ്രൊക്യൂർമെന്റ് നടപ്പാക്കുന്നതോടുകൂടി ടെണ്ടർ ക്ഷണിക്കുന്നത് മുതൽ പേയ്മെന്റ് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഈ സംവിധാനം വഴി നടപ്പിലാക്കാൻ കഴിയും. അത് വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും, കാര്യക്ഷമവും, സമയബന്ധിതവുമായി ചെയ്യാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly